കാലം സാക്ഷി

കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# ഉദാരമതികൾക്ക് മാതൃകയായി ഒരു നബിശിഷ്യൻ

**മദീനയിലെ** ഉദാരമതികളിൽ പ്രമുഖനാണ് അബ്ദുർറഹ്മാനുബ്നു ഔഫ്(റ). മക്കയിൽ ഇസ്‌ലാമിക പ്രബോധനത്തിന്റെ ആരംഭത്തിൽ അതിന്റെ മുൻപന്തിയിൽ നിലകൊണ്ട എട്ട് പ്രധാനികളിൽ ഒരാൾ. സഹപ്രവർത്തകരെപ്പോലെ അദ്ദേഹവും പീഡനങ്ങൾ ഏറ്റുവാങ്ങി. അബ്സീനിയയിലേക്ക് രണ്ടു തവണ പലായനം ചെയ്തു.

ഇതിനു ശേഷമാണ് മദീനയിലെത്തുന്നത്. ഉടുതുണിക്ക് മറുതുണിയില്ലാത്ത, പരമ ദരിദ്രരായി മദീനയിലെത്തിയ മുഹാജിർ സംഘത്തിലായിരുന്നു അദ്ദേഹം. സ്വദേശമായ മക്ക വിട്ട് മുഹാജിറുകളായി മദീനയിൽ എത്തിച്ചേർന്ന മുസ്‌ലിംകളുടെ സംരക്ഷണം ഏറ്റെടുക്കാൻ മദീനാ സ്വദേശികളായ അൻസാരികൾ സ്വയം മുന്നോട്ടുവന്നു. ഇരുകൂട്ടരെയും ഹൃദയംഗമായി കൂട്ടിയിണക്കാൻ പ്രവാചകൻ(സ) ഒരു സൗഹൃദ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതുപ്രകാരം അബ്ദുർറഹ്മാനുബ്നു ഔഫിനെയും മദീനാ സ്വദേശി സഅ്ദ്ബ്നു റബീഇനെയുമാണ് നബി പരസ്പര സഹോദരങ്ങളായി പ്രഖ്യാപിച്ചത്.

സഅ്ദ്ബ്നു റബീഅ് ആദർശ സഹോദരനായ അബ്ദുർറഹ്മാനുബ്നു ഔഫിനോട് പറഞ്ഞു: "സഹോദരാ, മദീനയിലെ ധനാഢ്യരിൽ ഒരാളാണ് ഞാൻ. എനിക്ക് രണ്ട് തോട്ടവും രണ്ട് ഭാര്യമാരും ഉണ്ട്. പകുതി താങ്കൾക്ക് തരാം. ഇഷ്ടപ്പെട്ട ഒരു തോട്ടം താങ്കൾ തെരഞ്ഞെടുക്കുക. ഭാര്യമാരിൽ താങ്കളിഷ്ടപ്പെടുന്ന ഒരുവളെ താങ്കൾക്ക് പത്നിയാക്കാനായി ഞാൻ വിവാഹമുക്തയാക്കുകയും ചെയ്യാം." സ്വാശ്രയശീലനായ അബ്ദുർറഹ്മാനുബ്നു ഔഫ്(റ) പറഞ്ഞു: "വേണ്ട സഹോദരാ, ഇപ്പറഞ്ഞ രണ്ടും എനിക്കാവശ്യമില്ല. ഇവിടത്തെ അങ്ങാടി എവിടെയാണെന്നറിഞ്ഞാൽ മതി; പിന്നെ ഞാനായിക്കൊള്ളാം ബാക്കി കാര്യങ്ങൾ. താങ്കളുടെ സമ്പത്തിലും കുടുംബത്തിലും അല്ലാഹു അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ." വ്യാപാര കാര്യങ്ങളിൽ മുമ്പേ മിടുക്കനായ അദ്ദേഹം അവിടെ വ്യാപാരികളിൽ ഒരാളായി. ഒരു മദീനക്കാരിയെ വിവാഹം ചെയ്തു. കച്ചവടം അനുദിനം മെച്ചപ്പെട്ടുവെന്നു മാത്രമല്ല, ക്രമേണ മദീനയിലെ വൻകിട വ്യാപാരിയുമായി ത്തീർന്നു അദ്ദേഹം.

ധനം സമ്പാദിക്കാനുള്ള തന്റെ അപാരമായ ജിജ്ഞാസ നബി(സ)യുടെ മുമ്പാകെ അദ്ദേഹം വിവരിച്ചതിങ്ങനെ: "അല്ലാഹുവിന്റെ റസൂലേ, ഒരു കല്ല് പൊക്കിയാൽ അതിന് ചുവടെ സ്വർണമോ വെള്ളിയോ വേണം. ഇതാണ് എന്റെ സമ്പാദന മനസ്സ്." "അല്ലാഹു താങ്കൾക്ക് അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ"- നബി(സ) പറഞ്ഞു. നബിയുടെ പ്രാർഥന സഫലമായി. വ്യാപാരം പുരോഗതി കൈവരിച്ചുകൊണ്ടേയിരുന്നു. മദീനയിൽ മാത്രം ഒതുങ്ങിയില്ല അത്. ധാന്യങ്ങൾ, തുണിത്തരങ്ങൾ, എണ്ണ വർഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, പാത്രങ്ങൾ എന്നിവ ദൂര രാജ്യങ്ങളിൽനിന്ന് കൊണ്ടുവന്ന് മദീനയിലെ വ്യാപാരികൾക്കും ആവശ്യക്കാർക്കും മൊത്തമായും ചില്ലറയായും വിൽക്കുക പതിവായി.

സാമ്പത്തികമായ ഇസ്‌ലാമിക ബാധ്യതകൾ നിർവഹിക്കുന്നതിൽ ഉദാത്ത മാതൃക കാഴ്ചവെക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പണം പെരുപ്പിച്ച് നിഷ്ക്രിയ ജീവിതം നയിക്കുകയോ സമ്പത്തിന്റെ അടിമയായി അധഃപതിക്കുകയോ ചെയ്തില്ല. അല്ലാഹു ഇങ്ങോട്ട് നൽകിയ പോലെ അവന്റെ മാർഗത്തിൽ അങ്ങോട്ടും നൽകുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. തന്റെ സമ്പത്ത് തനിക്കും കുടുംബത്തിനുമെന്ന പോലെ, തദ്ദേശീയർക്കെല്ലാം പ്രയോജനപ്പെടണം. ഉദാരതയിൽ ഒരു നൂതനാധ്യായം തന്നെ അദ്ദേഹം എഴുതിച്ചേർക്കുകയായിരുന്നു.

ജിഹാദിന് സ്വന്തം ചെലവിൽ കുതിരകളെയൊരുക്കി അഞ്ഞൂറ് പേരെ അയച്ചു. അപ്പോഴാണ് 1500 സമരസേനാനികളെക്കൂടി വേണമെന്ന അറിയിപ്പ്. അതിന്റെയും ചെലവ് അദ്ദേഹം തന്നെ ഏറ്റെടുക്കുന്നു. അവ ദാനം ചെയ്ത ശേഷം, ഉടനെത്തന്നെ പതിനായിരം സ്വർണ നാണയങ്ങൾ പിന്നെയും ദാനം ചെയ്യുന്നു.

ഒരിക്കൽ ഒരു ഭൂമി വിറ്റുകിട്ടിയ പതിനായിരം ദീനാർ നബി(സ)യുടെ മാതൃകുടുംബക്കാരായ സുഹ്റ ഗോത്രക്കാർക്കും നബിയുടെ പത്നിമാർക്കുമായി നീക്കിവെച്ചു. ബദ്റിലെ ജീവിച്ചിരിക്കുന്ന നൂറോളം ഭടന്മാരിൽ ഓരോരുത്തർക്കും 400 ദീനാർ വീതം നൽകി. അനേകം അടിമകളെ മോചനദ്രവ്യം നൽകി മോചിപ്പിച്ചു. മക്കയിൽനിന്ന് വന്ന ദരിദ്രരായ അഭയാർഥികൾക്ക് ഒരു സംഖ്യ നീക്കിവെച്ചു.

സമ്പത്ത് അദ്ദേഹത്തെ അഹങ്കാരിയോ ദുഃസ്വഭാവിയോ ആക്കിയില്ല. ലളിതമായ വേഷഭൂഷകളായിരുന്നു അണിഞ്ഞിരുന്നത്. സ്വന്തം അടിമകളുടെ കൂട്ടത്തിൽ നിൽക്കുമ്പോഴും അദ്ദേഹം തിരിച്ചറിയപ്പെടുമായിരുന്നില്ല. ബദ്റ് അടക്കമുള്ള യുദ്ധങ്ങളിൽ പങ്കെടുത്തു.

ദൂമത്തുൽ ജൻദൽ കീഴടക്കാനായി എഴുന്നൂറ് പേരുള്ള സംഘത്തിന്റെ തലവനായി അദ്ദേഹത്തെയാണ് നബി(സ) നിയോഗിച്ചത്. ഉഹുദിൽ തോറ്റോടിയവരിൽ പെടാതെ ധീരധീരം പോരാടി. ഇരുപത്തൊന്ന് മുറിവുകളേറ്റു. മുൻപല്ല് നഷ്ടപ്പെടുകയും മുടന്തനാവുകയും ചെയ്തു.

നബിയുടെ വിയോഗാനന്തരം ഉമറുബ്നുൽ ഖത്ത്വാബോ അബൂ ഉബൈദയോ ഭരണാധികാരി ആകണമെന്നും, രണ്ടിലാരായാലും അബ്ദുർറഹ്മാനുബ്നു ഔഫ് അവരുടെ മന്ത്രിയാകണമെന്നും അബൂബക്കർ സിദ്ദീഖ്(അ) ആഗ്രഹിച്ചിരുന്നു. അബൂബക്കർ സിദ്ദീഖ് ഖലീഫയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ യുദ്ധകാര്യ ഉപദേഷ്ടാവായിരുന്നിട്ടുണ്ട് അബ്ദുർറഹ്മാനുബ്നു ഔഫ്. ഉമറി(റ)ന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ നിയുക്തരായ ആറംഗ കൂടിയാലോചനാ സമിതിയിൽ ഒരാൾ അദ്ദേഹമായിരുന്നു. ഉമറിനു ശേഷം ഖലീഫ ആര് എന്ന പ്രശ്നം ഉത്ഭവിച്ചപ്പോൾ, അദ്ദേഹത്തെ ഖലീഫയാക്കാമെന്ന് ആറംഗ സമിതിയിൽ അഭിപ്രായമുയർന്നു. ഉടൻ അല്ലാഹുവിൽ ആണയിട്ട് അദ്ദേഹം പറഞ്ഞു: 'ഒരു കുന്തം എന്റെ വായിലൂടെ തിരുകിക്കയറ്റുന്നതായാൽ അതാണ് എനിക്ക് ഇഷ്ടം... ഉസ്മാനുബ്നു അഫ്ഫാൻ അടുത്ത ഖലീഫയാകണം എന്ന് ഞാനഭിപ്രായപ്പെടുന്നു'. സമിതിയംഗങ്ങൾക്കെല്ലാം അത് സമ്മതമായി.

ഒരു ദിവസം നോമ്പ് തുറക്കാനിരിക്കുമ്പോൾ വർഷങ്ങൾക്ക് മുമ്പ് ഉഹുദിൽ രക്തസാക്ഷികളായ മുസ്അബ്, ഹംസ എന്നിവരെക്കുറിച്ച് ഓർത്തു കരഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: "അന്ന് നാം കഠിന ദാരിദ്ര്യത്തിലായിരുന്നു. അവരത് നന്നായി അനുഭവിച്ചു. തിന്നാനും കുടിക്കാനും ഇല്ലെന്നു മാത്രമല്ല, മരണപ്പെട്ടവർക്ക് കഫൻതുണി പോലും കിട്ടാനുണ്ടായിരുന്നില്ല. മുസ്അബിന്റെ മൃതശരീരത്തെ ഇലകളിൽ പൊതിഞ്ഞാണ് നാം യാത്രയയച്ചത്. ഇന്നിതാ സാമ്പത്തികമായും മറ്റും നാം സുഖസ്ഥിതിയിലാണ്. നമുക്കുള്ള പ്രതിഫലം അല്ലാഹു കാലേകൂട്ടി തന്നതായിരിക്കുമോ?" കരഞ്ഞുകൊണ്ടേയിരുന്ന അദ്ദേഹം നോമ്പ് തുറക്കാനുള്ള ഭക്ഷണം കഴിച്ചതുമില്ല. മറ്റൊരിക്കൽ സുഹൃത്തുക്കളോടൊന്നിച്ച് സദ്യ കഴിക്കാനിരുന്നപ്പോഴും പൊട്ടിക്കരഞ്ഞു പറഞ്ഞു: "നബി(സ)യോ കുടുംബാംഗങ്ങളോ വയറ് നിറയെ ഭക്ഷണം കഴിക്കാതെയാണ് ഇഹലോകം വെടിഞ്ഞത്; നമ്മെ അല്ലാഹു സുഭിക്ഷതയിലേക്കാനയിച്ചത് എന്തിനാണെന്നറിയില്ല."

ദാനധർമം അദ്ദേഹത്തിന്റെ ധനത്തിൽ കുറവ് വരുത്തിയില്ല. ദാനം ചെയ്യുംതോറും ധനം കുന്നുകൂടുകയായിരുന്നു. മരണാനന്തരം, അനന്തരാവകാശികളായ നാലു ഭാര്യമാരിൽ ഓരോരുത്തർക്കും എൺപതിനായിരം സ്വർണനാണയം വീതം ലഭിച്ചു. സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്ത് സ്വഹാബിമാരിൽ ഒരാളായ അദ്ദേഹത്തെ 'ആകാശഭൂമികളിലെ വിശ്വസ്തൻ' എന്നാണ് നബി(സ) പരിചയപ്പെടുത്തിയത്.

മരണത്തോടടുത്തപ്പോൾ, അദ്ദേഹത്തെ നബിയുടെയും അബൂബക്കർ സിദ്ദീഖിന്റെയും ഖബ്റുകൾക്കരികെ മറമാടണമെന്ന് ആഇശ(റ) അഭിപ്രായപ്പെട്ടു. അത് നിരാകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഞാൻ അവരോടൊപ്പം ശയിക്കാൻ അർഹനല്ല'.

75-ാം വയസ്സിൽ മരണപ്പെട്ടു. ഉസ്മാനുബ്നു അഫ്ഫാൻ (റ) അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. ■